പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1348 06.02.2020-ലെ മറുപടിയ്ക്ക്

## ഭൂമിയുടെ ഏറ്റെടുക്കൽ ചെലവ് തിട്ടപ്പെടുത്തൽ

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം വലിയമല എൽ.പി. എസ്.സി.ക്ക വേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമി ഏറ്റെടുക്കൽ ചെലവ് തിട്ടപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിലെ വലിയമലയിൽ ഐ.എസ്.ആർ.ഒ-എൽ.പി.എസ്.സി വികസനത്തിന വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി RFCTLARR ACT, 2013 സെക്ഷൻ 19(1) പ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിച്ചിട്ടില്ല. ആയത് പുറപ്പെടുവിച്ച ശേഷം മാത്രമേ ഭൂമിയുടെ വില നിശ്ചയിക്കുന്നതിനായി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുകയുള്ളൂ. എന്നിരുന്നാലും നഷ്ടപരിഹാരം നൽകുന്നതിനായി ഏകദേശ വില കണക്കാക്കി 90 കോടി രൂപ അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാവുന്നതാണ്. |
| (ബി) റബ്ബർ കൃഷി ചെയ്തിട്ടുള്ള വസ്തുക്കളുടെ മൂല്യ നിർണ്ണയം ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്; വിശദമാക്കുമോ; | (ബി) റബ്ബർ കൃഷി ചെയ്തിട്ടുള്ള വസ്തുക്കൾ ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കളുടെയും മൂല്യനിർണ്ണയം RFCTLARR ACT, 2013 സെക്ഷൻ 26 പ്രകാരവും റബ്ബർ മരങ്ങളുടെ മൂല്യനിർണ്ണയം RFCTLARR ACT, 2013 സെക്ഷൻ 29 പ്രകാരവുമാണ് നിർണ്ണയിക്കുന്നത്. |
| (സി) ഇതിലേക്ക് പരിചയ സമ്പന്നരായ റബ്ബർ ബോർഡ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ; | (സി) ഏറ്റെടുക്കുന്ന ഭൂമിയിലുള്ള മരങ്ങളുടെ മൂല്യനിർണ്ണയം പരിചയസമ്പന്നരായ വ്യക്തികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണെന്ന് RFCTLARR Act, 2013-ലെ സെക്ഷൻ 29(2) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിയിലെ റബ്ബർ മരങ്ങളുടെ മൂല്യം നിശ്ചയിച്ചു നല്കുന്നതിനായി ആദ്യ ലിസ്റ്റ് 03.01.2020-ൽ എൽ-303/17 നമ്പർ കത്ത് പ്രകാരം ലാന്റ് അക്വിസിഷൻ ഓഫീസർ (സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ (എൽ എ) യൂണിറ്റ്) റബ്ബർ ബോർഡിന് നല്കിയിട്ടുണ്ട്. |
| (ഡി) കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ഡി) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള Plinth area നിരക്കിനൊപ്പം കെട്ടിടങ്ങളുടെ കാലപ്പഴക്കം കൂടി കണക്കാക്കിയാണ് കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നത്. കാർഷിക വിളകളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള മാനദണ്ഡമാണ് നിലവിലുള്ളത്. |
| (ഇ) മറ്റ് കാർഷിക കാർഷികേതര വിളകളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഇ) കെട്ടിടങ്ങളുടെ മൂല്യനിർണ്ണയവും മറ്റ് കാർഷിക കാർഷികേതര വിളകളുടെ മൂല്യനിർണ്ണയവും RFCTLARR ACT, 2013 സെക്ഷൻ 29 പ്രകാരമാണ് നിർണ്ണയിക്കുന്നത്. |

സെക്ഷൻ ഓഫീസർ